(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കേന്ദ്രസർക്കാരിൽ നിന്നും പദ്ധതി അംഗീകരിച്ച് കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ടവികസനത്തിനായി 495 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി രൂപരേഖ കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രൂപരേഖയിൽ 168 മീറ്റർ ജെട്ടി നിർമ്മിക്കൽ, രണ്ട് പുതിയ ലേലപ്പുരകൾ, റോഡ് പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ, ജലവിതരണ സംവിധാനം, വലകെട്ടുവാനുള്ള ഷെഡ്, കടകൾ, ടോയ്ലെറ്റ്, വൈദ്യുതീകരണം, സാനിട്ടേഷൻ, ഗ്രീൻ ബെൽറ്റ്, ദിശാവിളക്കുകൾ, ആധുനിക മാനേജ്മെന്റ് എന്നിവയ്ക്ക് പദ്ധതിയിട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

ബേപ്പൂർ മണ്ഡലത്തിൽ കടൽക്ഷോഭത്തിൽ തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് സാമ്പത്തികസഹായം

142 [1860] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 വർഷത്തിൽ കടൽക്ഷോഭത്തെ തുടർന്ന് സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ല തിരിച്ചും കോഴിക്കോട് ജില്ലയിൽ നിയോജകമണ്ഡലം തിരിച്ചും കണക്ക് വ്യക്തമാക്കാമോ ;

(സി) തൊഴിലും, തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ട എത്ര തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇവർക്ക് എത്ര തുകയുടെ സാമ്പത്തിക സഹായം നൽകി ;

(ഇ) ബേപ്പൂർ മണ്ഡലത്തിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ എണ്ണവും ഇവർക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കടൽക്ഷോഭത്തിൽ മരണപ്പെട്ട കാണാതായ തൊഴിലാളികൾ ആരെല്ലാം ; ഇവരുടെ കുടുംബങ്ങൾക്ക് നൽകിയ സാമ്പത്തികസഹായം എത്രയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 25,15,14,206 രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	7,08,500
കൊല്ലം	9,69,00,000
ആലപ്പുഴ	3,90,00,000
എറണാകുളം	2,50,52,802
തൃശ്ശൂർ	15,64,900
മലപ്പുറം	1,86,04,370
കോഴിക്കോട്	2,72,10,710
കണ്ണൂർ	3,75,70,000
കാസർഗോഡ്	49,02,924
ആകെ	25,15,14,206

കോഴിക്കോട് ജില്ലയിലെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ബേപ്പൂർ	1,78,10,460
വടകര	2,17,700
കൊയിലാണ്ടി	33,55,500
ബാലുശ്ശേരി	53,32,050
കോഴിക്കോട് 1	3,82,000
കോഴിക്കോട് 2	1,13,000
ആകെ	2,72,10,710

(സി) 16893 പേർ.

(ഡി) ആകെ 2,92,08,989 രൂപയുടെ സഹായം ഇതുവരെ നൽകിയിട്ടുണ്ട്.

(ഇ) തൊഴിൽ നഷ്ടപ്പെട്ട 100 പേർ. സാമ്പത്തിക സഹായം ഇതുവരെ നൽകിയിട്ടില്ല.

(എഫ്) 2004 വർഷത്തിൽ കടൽക്ഷോഭത്തിൽ മരണപ്പെട്ട കാണാതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly